2086

"ഭരണഭാഷ – മാതൃഭാഷ"

**തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: ഗീത എൻ.)

വിഷയം: പൊതുവിദ്യാഭ്യാസം - കോവിഡ് 19 – പ്രതിരോധ സമ്പർക്ക പ്രവർത്തനവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയ്ക്കായി നിയോഗിയ്ക്കുന്ന ജീവനക്കാർ - പ്രധാന അധ്യാപകർയ്ക്കുള്ള നിർദ്ദേശം - ഉത്തരവാകുന്നു.

പരാമർശം:

................

**ഉത്തരവ് നമ്പർ എച്ച് 5/2439/2020 തിയ്യതി 06/05/2020**

കോവിഡ് 19 പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് അധ്യാപക-അധ്യാപകേതര ജീവനക്കാരെ വിവിധ തലങ്ങളിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു വരുന്നു. അതിൽ മതിയായ കാരണംമൂലം ഹാജരാവാൻ കഴിയാത്തവരുണ്ടെങ്കിൽ (ഗർഭിണികൾ, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർ, ക്രോണിക് അസുഖങ്ങളുള്ളവർ, മറ്റു മാരകരോഗമുള്ളവർ, ക്യാൻസർ രോഗികൾ, ദിവസവേതനക്കാർ, എയിഡഡ് സ്ഥാപനങ്ങളിലെ അൺ-എയിഡഡ് വിഭാഗത്തിൽപ്പെടുന്ന അധ്യാപകർ/ജീവനക്കാർ) ഇവർക്കു പകരം ഇതേ സ്ഥാപനത്തിലെ മറ്റൊരാളെ നിയോഗിയ്ക്കേണ്ടതും, ബന്ധപ്പെട്ട അധികാരികളെ അറിയിയ്ക്കേണ്ടതുമാണ്. പകരം സംവിധാനം ഒരുക്കുന്നതിൽ പ്രധാനാധ്യാപകന് പരിപൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. ഡ്യൂട്ടി മാറ്റുന്ന ആവശ്യത്തിലേയ്ക്കായി അധ്യാപകരേയും, ജീവനക്കാരേയും മറ്റ് ആഫീസുകളിലേയ്ക്ക് അയക്കുവാൻ പാടുള്ളതല്ല.

ഈ വിഷയത്തിൽ ഉണ്ടാകുന്ന വീഴ്ച്ചകൾക്ക് ദുരന്ത നിവാരണ നിയമ പ്രകാരം പ്രധാന അധ്യാപകർ ഉത്തരവാദി ആകുമെന്നും അറിയിക്കുന്നു.

For വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ

പകർപ്പ്:

1. ജില്ലാ കളക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
2. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ (എല്ലാ പ്രധാന അധ്യാപകർക്കും ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
3. കരുതൽ ഫയൽ

A5/6122/19 Dt. 11/5/20

സി.എം. 06/05

എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കായി

Scanned with Cam